99/2026-M

ചോദ്യ പുസ്തക അക്ഷര കോഡ്	A	ചോദ്യ പുസ്തക ക്രമ നമ്പർ

ചോദ്യങ്ങളുടെ ആകെ എണ്ണം : 100 **സമയം : 1 മണിക്കൂർ 30 മിനിട്ട്**

പരമാവധി മാർക്ക് : 100

ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്റെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

Visit KPSCHub.in
More QPs & Answer Keys

DO NOT WRITE HERE

Visit KPSCHub.in
More QPs & Answer Keys

1. താഴെ പറയുന്നവയിൽ ക്വിറ്റ് ഇന്ത്യ സമരത്തെ സംബന്ധിച്ച് ശരിയായ പ്രസ്താവന /പ്രസ്താവനകൾ ഏത്?

(i) 1929 – ൽ ലാഹോറിൽ ചേർന്ന കോൺഗ്രസ്സ് സമ്മേളനം ക്വിറ്റ് ഇന്ത്യ പ്രമേയം പാസ്സാക്കി.

(ii) 1930 – ൽ ഉപ്പു നിയമം ലംഘിച്ച് ക്വിറ്റ് ഇന്ത്യ സമരത്തിന് തുടക്കം കുറിച്ചു.

(iii) "പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക" എന്ന മന്ത്രവുമായി എല്ലാവരും സമരരംഗത്തിറങ്ങാൻ ഗാന്ധിജി ആഹ്വാനം ചെയ്തു.

(iv) ചൗരി ചൗര സംഭവത്തെത്തുടർന്ന് ഗാന്ധിജി ക്വിറ്റ് ഇന്ത്യ സമരം പിൻവലിച്ചു.

(A) (i, iii) എന്നിവ മാത്രം
(B) (iii) മാത്രം
(C) (ii, iv) എന്നിവ മാത്രം
(D) (ii) മാത്രം

2. ആര്യസമാജത്തിന്റെ സ്ഥാപകൻ ആര്?

(A) സ്വാമി ദയാനന്ദ സരസ്വതി
(B) രാജ റാം മോഹൻ റോയ്
(C) സ്വാമി വിവേകാനന്ദൻ
(D) ഈശ്വർ ചന്ദ്ര വിദ്യാസാഗർ

3. താഴെ പറയുന്നവരിൽ ആരായിരുന്നു ചൈനയിൽ ലോങ്ങ് മാർച്ചിന് നേതൃത്വം നൽകിയത്?

(A) യുവാൻ ഷികായ്
(B) ചിയാങ് കൈഷക്
(C) സൺ യത്-സെൻ
(D) മാവോ സെ തുങ്

4. താഴെ പറയുന്നവയിൽ മാർത്താണ്ഡവർമ്മയെ സംബന്ധിച്ച് തെറ്റായ പ്രസ്താവന/പ്രസ്താവനകൾ ഏത്?

(i) ആധുനിക തിരുവിതാംകൂറിന്റെ സ്ഥാപകനായി കണക്കാക്കപ്പെടുന്നു.

(ii) 1809 -ൽ കുണ്ടറ വിളംബരം പുറപ്പെടുവിച്ചു.

(iii) 1741-ൽ ഡച്ചുകാരെ കുളച്ചൽ യുദ്ധത്തിൽ പരാജയപ്പെടുത്തി.

(iv) 1750-ൽ തൃപ്പടിദാനം നടത്തി.

(A) (iv) മാത്രം
(B) (i, ii) എന്നിവ മാത്രം
(C) (ii) മാത്രം
(D) (iii, iv) എന്നിവ മാത്രം

5. 2026-ൽ നടന്ന പുരുഷ ടി ട്വന്റി ലോകകപ്പ് ക്രിക്കറ്റിൽ ഏതു രാജ്യത്തെ പരാജയപ്പെടുത്തിയാണ് ഇന്ത്യ കിരീടം നേടിയത്?

(A) ഇംഗ്ലണ്ട്
(B) പാക്കിസ്ഥാൻ
(C) ശ്രീലങ്ക
(D) ന്യൂസിലാൻഡ്

Visit KPSCHub.in
More QPs & Answer Keys

6. കോറിയോലിസ് പ്രഭാവം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന മേഖല.

(A) ഭൂമധ്യരേഖാ പ്രദേശങ്ങൾ

(B) ധ്രുവപ്രദേശങ്ങൾ

(C) ഉഷ്ണമേഖലാ മരുഭൂമി പ്രദേശങ്ങൾ

(D) ഉഷ്ണമേഖലാ സമുദ്രങ്ങൾ

7. മെഡിറ്റനേറിയൻ കാലാവസ്ഥയുടെ പ്രത്യേകത അല്ലാത്തത് ഏത്?

(A) 30°-40° അക്ഷാംശമേഖലകളിൽ അനുഭവപ്പെടുന്ന കാലാവസ്ഥ.

(B) ചൂടുള്ള വരണ്ട ഉഷ്ണകാലവും നേർത്ത മഴയുള്ള ശൈത്യകാലവും അനുഭവപ്പെടുന്നു.

(C) വേനൽക്കാല മൺസൂൺ കാറ്റുകളാണ് മഴ നൽകുന്നത്.

(D) ശരാശരി വാർഷികവർഷപാതം 35cm നും 90cm നും ഇടയിൽ ലഭിക്കുന്നു.

8. താഴെ പറയുന്നവയിൽ നദിയുടെ അപരദന പ്രക്രിയയുടെ ഫലമായി രൂപം കൊള്ളുന്ന ഭൂരൂപമേതാണ്?

(i) കൂൺശിലകൾ

(ii) ഡെൽറ്റ

(iii) ബ്രഹദ് ഗിരികന്ദരങ്ങൾ

(iv) ഉരക്കുഴികൾ (pot holes)

(A) only (ii & iii)

(B) only (iii & iv)

(C) All of the above

(D) only (ii & iv)

9. പടിഞ്ഞാറൻ ആസ്ട്രേലിയൻ തീരപ്രദേശങ്ങളിൽ വീശുന്ന ഉഷ്ണമേഖലാ ചക്രവാതങ്ങളുടെ പേര്

(A) ഹരിക്കെയ്ൻ

(B) വില്ലി-വില്ലീസ്

(C) ടൊർണാഡോ

(D) ടൈഫൂൺ

10. ഗ്ലോബൽ ട്രഡിഷണൽ തായ്ക്വാൻഡോ ഫെഡറേഷന്റെ 'ഗ്രാൻഡ് മാസ്റ്റർ നയൺത് ഡാൻ' പദവി ലഭിച്ച യുമ് നാം ഖേംചന്ദ് ഏത് സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയാണ്.

(A) അസാം

(B) മണിപ്പൂർ

(C) മേഘാലയ

(D) അരുണാചൽ പ്രദേശ്

Visit KPSCHub.in
More QPs & Answer Keys

11. താഴെ തന്നിരിക്കുന്ന പ്രസ്താവനകൾ പരിഗണിക്കുക :

(i) സാമ്പത്തികകാര്യങ്ങൾക്കായുള്ള മന്ത്രിസഭാസമിതിയുടെ (CCEA) അദ്ധ്യക്ഷൻ പ്രധാനമന്ത്രിയാണ്

(ii) താങ്ങുവില (MSP) സംബന്ധിച്ച ശുപാർശകൾ നൽകുന്നത് CACP ആണ്

മുകളിൽ പറഞ്ഞ പ്രസ്താവനകളിൽ ഏതാണ് ശരി?

(A) (i) മാത്രം
(B) (ii) മാത്രം
(C) (i) ഉം (ii) ഉം
(D) ഒന്നുമല്ല

12. വാദം (A): ഹരിത വിപ്ലവം ഇന്ത്യയെ ഭക്ഷ്യധാന്യങ്ങളിൽ സ്വയം പര്യാപ്തമാക്കി
കാരണം (R): ഉയർന്ന വിളവ് തരുന്ന വിത്തുകൾ, വളങ്ങൾ, ജലസേചനം എന്നിവ ഗോതമ്പിനും നെല്ലിനും കൊണ്ടുവന്നു.

(A) (A) ഉം (R) ഉം ശരി, (R) ആണ് (A) യുടെ ശരിയായ വിശദീകരണം.
(B) (A) ഉം (R) ഉം ശരി, പക്ഷെ (R), (A) യുടെ ശരിയായ വിശദീകരണം അല്ല.
(C) (A) ശരി, (R) തെറ്റ്
(D) (A) തെറ്റ്, (R) ശരി

13. 1991-ലെ നവസാമ്പത്തിക നയത്തിൽ ഉൾപ്പെടാത്തത് ഏത്?

(A) ഉദാരവൽക്കരണം
(B) സ്വകാര്യവൽക്കരണം
(C) ആഗോളവൽക്കരണം
(D) കേന്ദ്രീകരണം

14. പുതിയ കാർഷിക നയത്തിലെ താങ്ങുവിലയുടെ ഫലം എന്ത്?

(A) കർഷകർക്ക് ഉറപ്പുള്ള വില ലഭിക്കുന്നു.
(B) സ്വകാര്യകച്ചവടക്കാർ കൂടുതൽ ചൂഷണം ചെയ്യുന്നു.
(C) ഉൽപ്പാദനം കുറയുന്നു.
(D) ഇറക്കുമതി കൂടുന്നു.

15. ഇന്ത്യയിലെ ധനകാര്യ വ്യവസ്ഥയുടെ നിയന്ത്രണാധികാരി ആരാണ്?

(A) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
(B) നീതി ആയോഗ്
(C) റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ
(D) ധനകാര്യ മന്ത്രാലയം

16. ഭരണഘടനാ നിർമ്മാണ സഭയുടെ അദ്ധ്യക്ഷൻ ആരായിരുന്നു?

(A) ജവഹർലാൽ നെഹ്റു
(B) ഡോ.ബി.ആർ.അംബേദ്കർ
(C) ഡോ.രാജേന്ദ്രപ്രസാദ്
(D) സർദാർ വല്ലഭായ് പട്ടേൽ

Visit KPSCHub.in
More QPs & Answer Keys

A

17. ഏത് മൗലികാവകാശത്തെയാണ് ഡോ.ബി.ആർ.അംബേദ്കർ ഭരണഘടനയുടെ 'ഹൃദയവും ആത്മാവും' എന്ന് വിശേഷിപ്പിച്ചത്?

(A) സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം

(B) സമത്വത്തിനുള്ള അവകാശം

(C) ഭരണഘടനാപരമായ പരിഹാരങ്ങൾക്കുള്ള അവകാശം

(D) സ്വാതന്ത്ര്യത്തിനുള്ള അവകാശം

18. താഴെ തന്നിരിക്കുന്നവയിൽ ദ്വിമണ്ഡലസമ്പ്രദായം നിലനിൽക്കുന്ന സംസ്ഥാനം കണ്ടെത്തുക.

(A) കേരളം

(B) തമിഴ്നാട്

(C) ഗുജറാത്ത്

(D) കർണ്ണാടകം

19. സ്വത്തവകാശത്തെ സാധാരണ അവകാശമാക്കി മാറ്റിയ ഭരണഘടനാ ഭേദഗതി ഏതാണ്?

(A) 73-ാം ഭരണഘടനാഭേദഗതി

(B) 44-ാം ഭരണഘടനാഭേദഗതി

(C) 42-ാം ഭരണഘടനാഭേദഗതി

(D) 91-ാം ഭരണഘടനാഭേദഗതി

20. ഇന്ത്യൻ ഭരണഘടനയുടെ എത്രാമത്തെ ഭാഗത്താണ് നിർദ്ദേശക തത്വങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്?

(A) ഭാഗം-2

(B) ഭാഗം-1

(C) ഭാഗം-3

(D) ഭാഗം-4

21. ഒരു വ്യക്തി,അയാൾക്ക് അർഹതയില്ലാത്ത സ്ഥാനം (ഉദ്യോഗം) വഹിക്കുന്നത് തടഞ്ഞുകൊണ്ട് സുപ്രീംകോടതിയോ ഹൈക്കോടതിയോ പുറപ്പെടുവിക്കുന്ന ഉത്തരവ് എന്തു പേരിൽ അറിയപ്പെടുന്നു?

(A) മാൻഡമസ്

(B) ക്വോ-വാറന്റോ

(C) സെഷ്യോറ്റി

(D) പ്രൊഹിബിഷൻ

22. ഇന്ത്യയിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഇ ഗവേണൻസ് ശക്തിപ്പെടുത്തുന്നതിന് വികസിപ്പിച്ച സമഗ്ര ഡിജിറ്റൽ ഭരണ പ്ലാറ്റ്ഫോം (വേദി) ഏതാണ്?

(A) മേരി പഞ്ചായത്ത്

(B) ഇ ഗ്രാം സ്വരാജ്

(C) ഗ്രാം മൻചിത്ര

(D) സമർത്ഥ് പഞ്ചായത്ത്

Visit KPSCHub.in
More QPs & Answer Keys

23. കെ സ്മാർട്ടിനെ കുറിച്ച് ശരിയായ പ്രസ്താവന/കൾ ഏതെല്ലാമാണ്?

(i) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങളും ഡിജിറ്റലി ഒറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാകും.

(ii) ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേർണൻസ് മാനേജ്മെന്റ് സിസ്റ്റത്തിൽ (ഐ എൽ ജി എം എസ്) നിന്നുമാണ് കെ സ്മാർട്ടിലേക്ക് എത്തുന്നത്.

(iii) കെ സ്മാർട്ട് 2024 ൽ നിലവിൽ വന്നു.

(A) (i), (iii)
(B) (i), (ii), (iii)
(C) (i), (ii)
(D) (ii) മാത്രം

24. കേരള പോലീസിന്റെ 'സ്പീക്ക് അപ്പ്' (Speak Up) എന്നത് എന്താണ്?

(A) സ്ത്രീകൾക്കെതിരായ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള കേരളപോലീസിന്റെ പദ്ധതി.

(B) ഗാർഹിക പീഡനം തടയുന്നതിനും അതിജീവിതകൾക്ക് സുരക്ഷയും പിന്തുണയും ഉറപ്പാക്കുന്നതിനുമായി കേരള പോലീസ് ആരംഭിച്ച പ്രത്യേക ദൗത്യസേന.

(C) കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള കേരള പോലീസിന്റെ പദ്ധതി.

(D) മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനായി കേരള പോലീസ് ആരംഭിച്ച പദ്ധതി.

25. 1963 കേരള ഭൂപരിഷ്കരണ നിയമത്തിലെ ഏത് വകുപ്പാണ് ഭൂപരിധിയുമായി ബന്ധപ്പെട്ടിരിക്കുന്നത്?

(A) വകുപ്പ് 80
(B) വകുപ്പ് 82
(C) വകുപ്പ് 83
(D) വകുപ്പ് 84

26. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറെ കുറിച്ച് തന്നിരിക്കുന്ന പ്രസ്താവനയിൽ തെറ്റായ പ്രസ്താവന/കൾ കണ്ടെത്തുക.

(i) ഗവർണറാണ് സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷണറെ നിയമിക്കുന്നത്.

(ii) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ കാലാവധി ചുമതലയേറ്റ ദിവസം മുതൽ അഞ്ച് വർഷം അല്ലെങ്കിൽ 62 വയസ്സ് തികയുന്നതുവരെ,ഇവയിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെയാണ്.

(iii) 2002-ലെ മണ്ഡല പുനർനിർണയ നിയമപ്രകാരം (Delimitation Act, 2002) രൂപീകരിച്ച ഇന്ത്യയുടെ മണ്ഡല പുനർനിർണയ കമ്മീഷനിലെ അംഗങ്ങളിൽ ഒരാളാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.

(A) (i), (ii), (iii)
(B) (i), (iii)
(C) (ii) മാത്രം
(D) (ii), (iii)

Visit KPSCHub.in
More QPs & Answer Keys

A

27. റേച്ചൽ കാർസന്റെ സൈലന്റ് സ്പ്രിംഗ് എന്ന പുസ്തകം ഏത് വിഷയം പ്രധാന പ്രമേയമാക്കിയാണ് രചിക്കപ്പെട്ടിട്ടുള്ളത്?

(A) ആഗോളതാപനം

(B) രാസകീടനാശിനികൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക ആഘാതങ്ങൾ

(C) ആണവായുധ പരീക്ഷണങ്ങൾ

(D) വനനശീകരണം

28. കൃത്രിമ പേസ്മേക്കറുകളിൽ സാധാരണയായി ഊർജ സ്രോതസായി ഉപയോഗിക്കുന്ന ബാറ്ററി ഏതാണ്?

(A) സിങ്ക് - കാർബൺ ബാറ്ററി

(B) നിക്കൽ - കാഡ്മിയം ബാറ്ററി

(C) ലെഡ് - ആസിഡ് ബാറ്ററി

(D) ലിഥിയം - അയോഡിൻ ബാറ്ററി

29. ജന്തുലോകത്തിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന പ്രോട്ടീൻ ഏത്?

(A) കൊളാജൻ

(B) കെരാറ്റിൻ

(C) ഫൈബ്രിനോജൻ

(D) റുബിസ്കോ

30. അമ്മയുടെ മുലപ്പാലിലൂടെ പ്രത്യേകിച്ച് കൊളസ്ട്രത്തിലൂടെ കുഞ്ഞിന് ലഭിക്കുന്ന ആന്റിബോഡി ഏതാണ്?

(A) Ig A ആന്റിബോഡി

(B) Ig D ആന്റിബോഡി

(C) Ig E ആന്റിബോഡി

(D) Ig M ആന്റിബോഡി

31. ശൂന്യതയിൽ (Vacuum) ഒരു കോൺകേവ് ദർപ്പണത്തിന്റെ ഫോക്കസ് ദൂരം 2m ആണ്.അപവർത്തനാങ്കം (Refractive index) 2.759 ഉള്ള ഒരു മാധ്യമത്തിൽ ഉപയോഗിക്കുമ്പോൾ ഇതിന്റെ ഫോക്കസ് ദൂരം എത്രയാണ്?

(A) 2m

(B) 2 x 2.759 m

(C) $\frac{2}{2.759}$ m

(D) ഇവയൊന്നുമല്ല

Visit KPSCHub.in
More QPs & Answer Keys

32. രണ്ട് വസ്തുക്കൾ ഒരേ പ്രാരംഭപ്രവേഗത്തിൽ((Initial velocity) പ്രൊജക്ട് ചെയ്യുമ്പോൾ അവയ്ക്ക് ഒരേ ഹൊറിസോണ്ടൽ റേഞ്ച് (Horizontal range) ലഭിക്കുന്നു.എങ്കിൽ അവ പ്രൊജക്ട് ചെയ്ത കോണുകൾ ഏതെല്ലാം?

(A) 20° & 60°
(B) 25° & 65°
(C) 30° & 55°
(D) 40° & 60°

33. ആഗോളതലത്തിൽ ക്വാണ്ടം സാങ്കേതികവിദ്യയുടെ വികസനത്തിലും ഗവേഷണത്തിലും മുന്നേറുന്നതിനായി ഇന്ത്യ തുടക്കം കുറിച്ച ദേശീയപദ്ധതിയുടെ പേരെന്ത്?

(A) നാഷണൽ സൂപ്പർകംപ്യൂട്ടിംഗ് മിഷൻ (NSM)
(B) ഡിജിറ്റൽ ഇന്ത്യ മിഷൻ (DIM)
(C) നാഷണൽ ക്വാണ്ടം മിഷൻ (NQM)
(D) വിഷൻ ക്വാണ്ടം 2030

34. ആവർത്തന പട്ടികയിലെ ഒരു ഗ്രൂപ്പിൽ മുകളിൽ നിന്നും താഴേക്കു വരുന്തോറും അയോണീകരണ എൻഥാൽപി കുറയുവാൻ കാരണം എന്താണ്?

(i) ന്യൂക്ലിയർ ചാർജ് കുറയുന്നു
(ii) ന്യൂക്ലിയർ ചാർജ് വർദ്ധനയെ മറികടക്കുന്ന വിധത്തിൽ ഷെല്ലുകളുടെ എണ്ണം കൂടുന്നു
(iii) ഷെല്ലുകളുടെ എണ്ണത്തിൽ മാറ്റം വരുന്നില്ല

(A) (i)
(B) (ii)
(C) (iii)
(D) (i & iii)

35. താഴെ പറയുന്നവയിൽ ഏതാണ് റഥർഫോഡിന്റെ ഗോൾഡ് ഫോയിൽ പരീക്ഷണത്തിലൂടെ കണ്ടെത്തിയത്.

(A) ന്യൂക്ലിയസ്
(B) ന്യൂട്രോൺ
(C) പ്രോട്ടോൺ
(D) ഇലക്ട്രോൺ

36. 2025 - ലെ രസതന്ത്രത്തിനുള്ള നോബൽ സമ്മാനം ഏത് ഗവേഷണ വിഷയവുമായി ബന്ധപെട്ടിരിക്കുന്നു?

(A) പ്രോട്ടീൻ ഘടന
(B) ലോഹ ഓർഗാനിക് ചട്ടകൂട്
(C) ലിഥിയം ബാറ്ററികൾ
(D) ക്വാണ്ടം ഡോട്ടുകൾ

Visit KPSCHub.in
More QPs & Answer Keys

A

37. 'മറിയക്കുട്ടിയുടെ കത്ത് ' താഴെപ്പറയുന്നവയിൽ ഏത് വിഭാഗത്തിൽപ്പെടുന്നു.

(A) ആത്മകഥ (B) മാപ്പിളപ്പാട്ട്

(C) നാടകം (D) ജീവചരിത്രം

38. 'മറക്കുടയ്ക്കുള്ളിലെ മഹാനരകം' ആരെഴുതിയ നാടകമാണ്?

(A) എം.ആർ.ഭട്ടതിരിപ്പാട് (B) വി.ടി.ഭട്ടതിരിപ്പാട്

(C) എം.പി.ഭട്ടതിരിപ്പാട് (D) എൻ.കൃഷ്ണപിള്ള

39. 'ഭാരത് ഭവനു' മായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏതൊക്കെ?

(i) കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിന് അനുസൃതമായി ദേശീയവും അന്തർദേശീയവുമായ സാംസ്കാരിക കൈമാറ്റം സാധ്യമാക്കുക എന്നത്.

(ii) 1984-ൽ സ്ഥാപിതമായി.

(iii) കേന്ദ്രഗവൺമെന്റ് സ്ഥാപനമാണ്.

(A) (i) മാത്രം ശരി (B) (ii)മാത്രം ശരി

(C) (i) ഉം (ii) ഉം ശരി (D) (i) ഉം (ii) ഉം (iii) ഉം ശരി

40. 2026 ലെ 50-ാമത് 'വയലാർ' സാഹിത്യ അവാർഡ് നേടിയതാര്?

(A) അശോകൻ ചരുവിൽ (B) ഇ.സന്തോഷ് കുമാർ

(C) എസ്. ഹരീഷ് (D) ആർ. രാജശ്രീ

41. ഒരു ത്രികോണത്തിന്റെ വശങ്ങൾ തമ്മിലുള്ള അംശബന്ധം 3:4:5 ഉം ചുറ്റളവ് 36cm ഉം ആയാൽ പരപ്പളവ് എത്ര cm^2 ആയിരിക്കും?

(A) 24 (B) 54

(C) 96 (D) 86

42. ഒരു വിദ്യാർത്ഥിക്ക് ഒരു പരീക്ഷയിൽ ജയിക്കാൻ 40% മാർക്ക് വേണം. 30 മാർക്ക് കിട്ടിയ അയാൾ ആ പരീക്ഷയിൽ 50 മാർക്കിന് തോറ്റു.ആ പരീക്ഷയുടെ പരമാവധി മാർക്ക് എത്ര?

(A) 300 (B) 100

(C) 200 (D) 250

43. $2^x . 2^{x+1} = 32$ ആയാൽ x ന്റെ വില

(A) 2 (B) 3

(C) 4 (D) 5

Visit KPSCHub.in
More QPs & Answer Keys

44. $9 - [8 - (8 - 6 \times 2) \div 4] =$ _____

(A) 8 (B) 7

(C) 6 (D) 0

45. 0, 7, 26, 63, _____ എന്ന ശ്രേണിയിലെ അടുത്ത പദം?

(A) 126 (B) 189

(C) 124 (D) 186

46. ഇതിൽപെടാത്ത സംഖ്യ ഏത്?

(A) 21 (B) 31

(C) 51 (D) 81

47. $15+8 \div 2 \times 4 - 7 =$_____

(A) 30 (B) 20

(C) 24 (D) 18

48. 1,2,3,4,5 എന്നീ സംഖ്യകൾ ഉപയോഗിച്ച് എത്ര 3 അക്ക സംഖ്യകൾ ഉണ്ടാക്കാം?

(A) 50 (B) 60

(C) 70 (D) 40

49. 15 ആളുകളുടെ ശരാശരി പ്രായം 25 ആണ്.ഒരാൾ കൂടി ചേർന്നാൽ പ്രായം ശരാശരി ഒന്ന് കൂടും. പുതിയതായി വന്ന ആളുടെ പ്രായം എത്ര?

(A) 30 (B) 40

(C) 41 (D) 45

50. A - യും B - യും കൂടി 8 ദിവസം കൊണ്ട് ചെയ്യുന്ന ജോലി B തനിയെ 12 ദിവസം കൊണ്ട് തീർക്കും. A തനിച്ച് എത്ര ദിവസം കൊണ്ട് ആ ജോലി തീർക്കും.

(A) 25 (B) 20

(C) 24 (D) 30

51. ഒരു വ്യക്തിയെ അറസ്റ്റിൽ നിന്ന് രക്ഷപ്പെടുന്നതിനായി അയാൾക്ക് താമസസൗകര്യം,ഭക്ഷണം,വെടിക്കോപ്പുകൾ അല്ലെങ്കിൽ യാത്രാമാർഗങ്ങൾ നൽകുന്നത് BNS പ്രകാരം _____ എന്ന കുറ്റമാണ്.

(A) മറച്ചുവെക്കൽ (B) വഞ്ചന

(C) തടഞ്ഞുനിർത്തൽ (D) അഭയം നൽകൽ

Visit KPSCHub.in
More QPs & Answer Keys

A

52. BNS പ്രകാരം,ശിക്ഷാകാലയളവിന്റെ ഭിന്നങ്ങൾ കണക്കാക്കുമ്പോൾ,മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ,ജീവപര്യന്തം തടവ് _____ വർഷത്തെ തടവിന് തുല്യമായി കണക്കാക്കും.

(A) 20 വർഷം
(B) 14 വർഷം
(C) 24 വർഷം
(D) 30 വർഷം

53. ഭാരതീയനാഗരിക് സുരക്ഷാ സംഹിത (BNSS) 2023 - ലെ സെക്ഷൻ 170(1) പ്രകാരം,ഏത് പ്രധാന വ്യവസ്ഥയിലാണ് ഒരു പോലീസ് ഉദ്യോഗസ്ഥന് വാറന്റോ മജിസ്ട്രേറ്റിന്റെ ഉത്തരവോ ഇല്ലാതെ ഒരാളെ അറസ്റ്റ് ചെയ്യാൻ കഴിയുന്നത്?

(A) മറ്റൊരു അധികാരപരിധിയിൽ ജാമ്യം ലഭിക്കാത്ത കുറ്റം വ്യക്തി ചെയ്തിട്ടുണ്ടെങ്കിൽ.

(B) ഒരു വ്യക്തി ഏതെങ്കിലും കോഗ്നിസബിൾ കുറ്റം ചെയ്യാൻ പദ്ധതിയിടുന്നതായി പോലീസ് ഉദ്യോഗസ്ഥന് അറിവുണ്ടാകുകയും,ആ കുറ്റം ചെയ്യുന്നത് മറ്റു വിധത്തിൽ തടയാൻ കഴിയാതിരിക്കുകയും ചെയ്യുമ്പോൾ.

(C) ഒരു വ്യക്തി ജാമ്യം ലഭിക്കാത്ത കുറ്റം ചെയ്തതായി ഒരു പൊതുസേവകനിൽ നിന്ന് രേഖാമൂലമുള്ള പരാതി ലഭിക്കുമ്പോൾ.

(D) സാധാരണ ഗതാഗത പരിശോധനയ്ക്കിടെ ഒരാൾ തന്റെ വ്യക്തിവിവരങ്ങൾ വെളിപ്പെടുത്താൻ വിസമ്മതിക്കുമ്പോൾ.

54. താൽക്കാലികമായോ സ്ഥിരമായോ മാനസികമോ ശാരീരകമോ ആയ വൈകല്യമുള്ള ഒരു വ്യക്തിയുടെ മൊഴി BNSS - ലെ സെക്ഷൻ 183 പ്രകാരം രേഖപ്പെടുത്തിയാൽ,അത് എന്തായി പരിഗണിക്കപ്പെടും?

(A) പ്രസക്തിയില്ലാത്തത്

(B) നിർണായകമായ തെളിവ്

(C) മുഖ്യ വിസ്താരത്തിന് പകരമുള്ള മൊഴി

(D) പൊതു രേഖ

55. BNS പ്രകാരം,പിഴ അടയ്ക്കാത്ത സാഹചര്യത്തിൽ കുറ്റവാളിയെ തടവിലാക്കാൻ കോടതി നിർദ്ദേശിക്കുന്ന തടവുകാലാവധി, തടവും പിഴയും ഒരുമിച്ച് ശിക്ഷയായി ലഭിക്കാവുന്ന കുറ്റത്തിന് നിശ്ചയിച്ചിട്ടുള്ള പരമാവധി തടവുകാലത്തിന്റെ _____ കവിയാൻ പാടില്ല.

(A) പകുതി
(B) നാലിലൊന്ന്
(C) മൂന്നിലൊന്ന്
(D) പത്തിലൊന്ന്

Visit KPSCHub.in
More QPs & Answer Keys

56. അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയുടെ ബന്ധുവിനെയോ സുഹൃത്തിനെയോ അറസ്റ്റിനെക്കുറിച്ച് അറിയിക്കേണ്ട ബാധ്യത അറസ്റ്റ് ചെയ്യുന്ന വ്യക്തിക്ക് ഏർപ്പെടുത്തുന്ന BNSS- ലെ വ്യവസ്ഥ ഏതാണ്?

(A) സെക്ഷൻ 41 (B) സെക്ഷൻ 49 (C) സെക്ഷൻ 48 (D) സെക്ഷൻ 43

57. ഇലക്ട്രോണിക് തെളിവുകളുടെ പരിശോധന നടത്തുന്ന എക്സാമിനറെ ഒരു വിദഗ്ധനായി കണക്കാക്കണമെന്ന് BSA- യിലെ ഏത് സെക്ഷനാണ് വ്യവസ്ഥ ചെയ്യുന്നത്?

(A) സെക്ഷൻ 40 (B) സെക്ഷൻ 39 (C) സെക്ഷൻ 32 (D) സെക്ഷൻ 37

58. ഒരു വ്യക്തിക്ക് മറ്റൊരു വ്യക്തിയുമായുള്ള ബന്ധത്തിന്റെ അസ്തിത്വത്തെക്കുറിച്ച്, കുടുംബാംഗമെന്ന നിലയിൽ ആ വിഷയത്തിൽ പ്രത്യേക അറിവുള്ള ഒരാൾ പ്രകടിപ്പിക്കുന്ന അഭിപ്രായം:

(i) പ്രസക്തമായ ഒരു വസ്തുതയാണ്.

(ii) ഭാരതീയ ന്യായ സംഹിത, 2023 പ്രകാരമുള്ള നടപടികളിൽ വിവാഹം തെളിയിക്കുന്നതിന് പ്രസക്തമല്ല.

(A) (i) മാത്രം ശരിയാണ് (B) (ii) മാത്രം ശരിയാണ്

(C) (i) ഉം (ii) ഉം ശരിയാണ് (D) (i) ഉം (ii) ഉം തെറ്റാണ്

59. BNS പ്രകാരം,ഒരു നിയമപരമായ അവകാശം സൃഷ്ടിക്കുന്നതോ, വിപുലീകരിക്കുന്നതോ,കൈമാറ്റം ചെയ്യുന്നതോ, നിയന്ത്രിക്കുന്നതോ, ഇല്ലാതാക്കുന്നതോ,വിട്ടുനൽകുന്നതോ,അല്ലെങ്കിൽ ഒരാൾ നിയമപരമായ ബാധ്യതയ്ക്ക് വിധേയനാണെന്നോ ഒരു പ്രത്യേക നിയമപരമായ അവകാശം തനിക്കില്ലെന്നോ അംഗീകരിക്കുന്നതോ ആയ ഒരു രേഖയെ _____ എന്ന് വിളിക്കുന്നു.

(A) കെട്ടിച്ചമച്ച രേഖ (B) തർക്കവിഷയമായ രേഖ

(C) മൂല്യമുള്ള സെക്യൂരിറ്റി (D) പ്രാഥമിക രേഖ

60. കേരള പോലീസ് ആക്ട്, 2011 പ്രകാരം പോലീസിന്റെ ചുമതലകളിൽ ഉൾപ്പെടുന്നത് താഴെപ്പറയുന്നവയിൽ ഏതാണ്?

(A) എല്ലാ വ്യക്തികളുടെയും ജീവൻ,സ്വാതന്ത്ര്യം,സ്വത്ത്,മനുഷ്യാവകാശങ്ങൾ,അന്തസ്സ് എന്നിവ സംരക്ഷിക്കുന്നതിനായി നിയമം പക്ഷപാതരഹിതമായി നടപ്പിലാക്കുക.

(B) പൊതുജനങ്ങളെ അപകടങ്ങളിൽ നിന്നും ശല്യങ്ങളിൽ നിന്നും സംരക്ഷിക്കുക.

(C) റോഡുകൾ, റെയിൽവേകൾ,പാലങ്ങൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാ പൊതു സ്വത്തുക്കളും സംരക്ഷിക്കുക.

(D) മേൽപ്പറഞ്ഞവയെല്ലാം.

Visit KPSCHub.in
More QPs & Answer Keys

A

61. കേരള പോലീസ് ആക്ട്, 2011- ലെ വകുപ്പ് 14 പ്രകാരം കേരള പോലീസിന്റെ രൂപീകരണത്തെയും റാങ്ക് ഘടനയെയും സംബന്ധിച്ച് ശരിയായ പ്രസ്താവന ഏതാണ്?

(A) കേരളത്തിലെ വിവിധ ഭൂമിശാസ്ത്രപരമായ മേഖലകൾക്കായി വ്യത്യസ്ത പോലീസ് സേനകൾ രൂപീകരിക്കാവുന്നതും അവയെ ഏത് റാങ്കിലുള്ള ഉദ്യോഗസ്ഥനും നയിക്കാവുന്നതുമാണ്.

(B) കേരള പോലീസ് സംസ്ഥാനത്തിനായി ഏകീകൃത പോലീസ് സേനയാണ്.അതിലെ റാങ്കുകൾ ഉയർന്ന ക്രമത്തിൽ ക്രമീകരിച്ചിരിക്കുന്നു. ഡയറക്ടർ ജനറൽ ഓഫ് പോലീസ് & സ്റ്റേറ്റ് പോലീസ് ചീഫ് ആണ് ഏറ്റവും ഉയർന്ന സ്ഥാനത്തുള്ളത്.

(C) പ്രവർത്തനപരമായ ആവശ്യങ്ങൾക്കായി കേരള പോലീസിനെ ഉപവിഭാഗങ്ങളായോ ശാഖകളായോ വിഭാഗങ്ങളായോ വിഭജിക്കാൻ സർക്കാരിന് അധികാരമില്ല.

(D) കേരള പോലീസ് സേനയിലെ ഏറ്റവും ഉയർന്ന റാങ്ക് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ആണ്.

62. ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതിനായി പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ മാറ്റം വരുത്തുന്നതിനോ അധികാരമുള്ളത് ആർക്കാണ്?

(A) സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് മാത്രം.

(B) ജില്ലാ പോലീസ് മേധാവിക്ക്.

(C) ജില്ലാ കളക്ടർക്ക് മാത്രം.

(D) സംസ്ഥാന പോലീസ് മേധാവിക്ക് മാത്രം.

63. ഒരു മൂന്നാം കക്ഷി നൽകിയതും രഹസ്യമായി പരിഗണിച്ചുവരുന്നതുമായ വിവരങ്ങൾ വെളിപ്പെടുത്തണമെന്നാവശ്യപ്പെട്ട് ഒരു പൊതു അധികാരസ്ഥാപനത്തിന് അപേക്ഷ ലഭിക്കുന്നു. വിവരങ്ങൾ വെളിപ്പെടുത്തണമോ എന്ന് തീരുമാനിക്കുന്നതിന് മുമ്പ് ഏറ്റവും പ്രസക്തമായ നടപടിക്രമം ഏതാണ്?

(A) മൂന്നാം കക്ഷിയുമായി കൂടിയാലോചിക്കാതെ തന്നെ വിവരങ്ങൾ വെളിപ്പെടുത്തണം.

(B) അപേക്ഷ നിർബന്ധമായും നിരസിക്കണം.

(C) ബാധകമായ സാഹചര്യങ്ങളിൽ നിയമം അനുശാസിക്കുന്ന മൂന്നാം കക്ഷിയുമായി കൂടിയാലോചിക്കുന്ന നടപടിക്രമം പാലിക്കണം.

(D) എല്ലാ സാഹചര്യങ്ങളിലും അപേക്ഷകൻ കോടതിയുടെ മുൻകൂർ അനുമതി നേടണം.

64. വിവരങ്ങൾ വെളിപ്പെടുത്തുന്നതിൽ നിന്നുള്ള ഒഴിവാക്കലുകളെ സംബന്ധിക്കുന്ന വിവരാവകാശ നിയമത്തിലെ വകുപ്പ് ഏതാണ്?

(A) വകുപ്പ് 2 (f) (B) വകുപ്പ് 8 (C) വകുപ്പ് 9 (D) വകുപ്പ് 11

Visit KPSCHub.in
More QPs & Answer Keys

65. **NDPS** നിയമം, 1985 -ലെ വകുപ്പ് 27 പ്രത്യേകമായി പ്രതിപാദിക്കുന്ന കുറ്റം ഏതാണ്?

(A) മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റം ചെയ്യുന്നതിനായി ഒരു കെട്ടിടമോ പരിസരമോ അറിഞ്ഞുകൊണ്ട് ഉപയോഗിക്കാൻ അനുവദിക്കൽ.

(B) നിയമപ്രകാരമുള്ള ഒരു കുറ്റം ചെയ്യാൻ ശ്രമിക്കൽ.

(C) മയക്കുമരുന്നോ സൈക്കോട്രോപിക് പദാർത്ഥമോ ഉപയോഗിക്കൽ.

(D) മയക്കുമരുന്നുകളുടെ നിയമവിരുദ്ധ വ്യാപാരത്തിന് ധനസഹായം നൽകൽ.

66. **NDPS** നിയമത്തിന്റെ നാലാം അധ്യായപ്രകാരം ശിക്ഷാർഹമായ ഒരു കുറ്റം ചെയ്യാൻ ഒരാൾ ശ്രമിക്കുകയും കുറ്റം പൂർത്തിയാക്കുന്നതിനായി ഒരു പ്രവൃത്തി നിർവഹിക്കുകയും ചെയ്തെങ്കിലും കുറ്റം പൂർത്തിയാകാതിരിക്കുകയും ചെയ്യുന്നു. ശരിയായ പ്രസ്താവന ഏതാണ്?

(A) കുറ്റം പൂർത്തിയാകാത്തതിനാൽ ആ വ്യക്തിയെ ശിക്ഷിക്കാൻ കഴിയില്ല.

(B) ആ വ്യക്തി കുറ്റം പൂർത്തിയാക്കിയാൽ മാത്രമേ ശിക്ഷിക്കാനാകൂ.

(C) കുറ്റം യഥാർത്ഥത്തിൽ ചെയ്തതിനുള്ള ശിക്ഷ മാത്രമേ നൽകാനാകൂ.

(D) ശ്രമിച്ച കുറ്റത്തിന് നിയമം വ്യവസ്ഥ ചെയ്യുന്ന ശിക്ഷ ആ വ്യക്തിക്ക് നൽകാവുന്നതാണ്.

67. നിയമപ്രകാരം സൂക്ഷിക്കേണ്ട കമ്പ്യൂട്ടർ സോഴ്സ് കോഡ് ഒരാൾ മന:പൂർവ്വം മാറ്റം വരുത്തുന്നു.വിവരസാങ്കേതികവിദ്യാ നിയമം,2000 പ്രകാരം ഏറ്റവും പ്രസക്തമായ കുറ്റം ഏതാണ്?

(A) വ്യക്തിത്വ മോഷണം.

(B) മറ്റൊരാളായി ആൾമാറാട്ടം നടത്തി വഞ്ചിക്കൽ.

(C) കമ്പ്യൂട്ടർ സോഴ്സ് രേഖകളിൽ കൃത്രിമം നടത്തൽ.

(D) മോഷ്ടിച്ച ആശയവിനിമയ ഉപകരണം സത്യസന്ധമല്ലാത്ത രീതിയിൽ സ്വീകരിക്കൽ.

68. ഉടമയുടെ അനുമതിയില്ലാതെ ഒരാൾ കമ്പ്യൂട്ടർ സംവിധാനത്തിൽ പ്രവേശിച്ച് അതിൽ സൂക്ഷിച്ചിരിക്കുന്ന രഹസ്യവിവരങ്ങൾ ഡൗൺലോഡ് ചെയ്യുന്നു. വിവരസാങ്കേതികവിദ്യാ നിയമം, 2000 പ്രകാരം ഉണ്ടാകാവുന്ന നിയമപരമായ പ്രത്യാഘാതം ഏതാണ്?

(A) വിവരങ്ങൾ ഓൺലൈനിൽ പ്രസിദ്ധീകരിച്ചാൽ മാത്രമേ ആ വ്യക്തിക്ക് ബാധ്യതയുണ്ടാകൂ.

(B) ബാധിക്കപ്പെട്ട വ്യക്തിക്ക് നഷ്ടപരിഹാരം നൽകാൻ ആ വ്യക്തി ബാധ്യസ്ഥനായേക്കാം.

(C) ഭൗതികമായ നാശനഷ്ടം സംഭവിച്ചിട്ടില്ലെങ്കിൽ ആ വ്യക്തിക്ക് ബാധ്യതയുണ്ടാകില്ല.

(D) കമ്പ്യൂട്ടർ സംവിധാനം സർക്കാരിന്റേതാണെങ്കിൽ മാത്രമേ ആ വ്യക്തിക്ക് ബാധ്യതയുണ്ടാകൂ.

Visit KPSCHub.in
More QPs & Answer Keys

A

69. പോക്സോ നിയമം, 2012 -ലെ വകുപ്പ് 4(1) പ്രകാരം, കുട്ടിക്കെതിരായ അതിക്രമപരമായ ലൈംഗിക പ്രവേശനത്തിന് (Penetrative Sexual Assault) വ്യവസ്ഥ ചെയ്തിരിക്കുന്ന ഏറ്റവും കുറഞ്ഞ ശിക്ഷ എത്രയാണ്? ബാധകമായ നിയമവ്യവസ്ഥകൾക്ക് വിധേയമായി ഉത്തരം നൽകുക.

(A) പത്ത് വർഷത്തെ തടവ്.

(B) മൂന്ന് വർഷത്തെ തടവ്.

(C) ഒരു വർഷത്തെ തടവ്.

(D) ആറു മാസത്തെ തടവ്.

70. പോക്സോ നിയമം, 2012 -ലെ വകുപ്പ് 7 പ്രകാരം താഴെപ്പറയുന്നവയിൽ ഏതാണ് കുട്ടിക്കെതിരായ ലൈംഗികാതിക്രമമായി (Sexual Assault) കണക്കാക്കാവുന്നത്?

(A) ലൈംഗിക ഉദ്ദേശ്യത്തോടെ,ലൈംഗിക പ്രവേശനം കൂടാതെ,കുട്ടിയുമായി ശാരീരിക സമ്പർക്കത്തിൽ ഏർപ്പെടൽ.

(B) ഉദ്ദേശ്യം എന്തു തന്നെയായാലും കുട്ടിയുമായുള്ള ഏതൊരു ശാരീരിക സമ്പർക്കവും.

(C) ലൈംഗിക പ്രവേശനം ഉൾപ്പെടുന്ന പ്രവൃത്തികൾ മാത്രം.

(D) കുട്ടിയോടുള്ള വാക്കാലുള്ള ആശയവിനിമയം മാത്രം.

71. മോട്ടോർ വാഹന നിയമം സെക്ഷൻ 39 എന്തിനെ പ്രതിപാദിയ്ക്കുന്നു?

(A) ഫിറ്റ്നെസ് സർട്ടിഫിക്കറ്റ്
(B) പെർമിറ്റ്
(C) രജിസ്ട്രേഷൻ
(D) ലൈസൻസ്

72. 12 ടണ്ണിന് മുകളിൽ ജി.വി.ഡബ്ള്യു ഉള്ള ചരക്ക് വാഹനം ഏതു വിഭാഗത്തിൽ പെടുന്നു?

(A) M_1
(B) N_1
(C) M_2
(D) N_3

73. ട്രാൻസ്പോർട്ട് വാഹനം ഓടിയ്ക്കാനുള്ള ലൈസൻസ് എത്ര വർഷം കൂടുമ്പോൾ പുതുക്കണം?

(A) 3 വർഷം
(B) 5 വർഷം
(C) 10 വർഷം
(D) 20 വർഷം

74. ലൈസൻസിൽ അഡീഷണൽ ക്ലാസ് ചേർക്കുന്നതിനുള്ള അപേക്ഷ ഏതു ഫോമിൽ ആണ് നൽകേണ്ടത്?

(A) ഫോം 6
(B) ഫോം 7
(C) ഫോം 8
(D) ഫോം 23

Visit KPSCHub.in
More QPs & Answer Keys

75. കേരള മോട്ടോർ വെഹിക്കിൾസ് റൂൾ പ്രകാരം താഴെ പറയുന്നവയിൽ ഏതാണ് ലൈസൻസിംഗ് അതോറിറ്റി?

(A) AMVI
(B) MVI
(C) JRTO
(D) RTO

76. ഗോൾഡൻ അവർ എന്നാൽ _____

(A) ഒരു വാഹനം അപകടത്തിൽപ്പെട്ട് 24 മണിക്കൂറിനകം അടുത്തുള്ള പോലീസ് സ്റ്റേഷനിൽ വിവരം അറിയിക്കാനുള്ള സമയപരിധി.

(B) ഗുരുതരമായ ഒരു പരിക്കിനെ തുടർന്നുള്ള ഒരു മണിക്കൂർ വരെയുള്ള സമയപരിധി.

(C) അപകടം സംഭവിച്ച് 6 മാസത്തിനകം ഇൻഷൂറൻസ് കമ്പനിയെ അറിയിക്കാനുള്ള സമയപരിധി.

(D) മേൽപ്പറഞ്ഞവയിലൊന്നുമല്ല.

77. ഒരു പുതിയ ഇ-റിക്ഷകൾക്ക് അനുവദിക്കുന്ന ഫോം 38 ന്റെ കാലയളവ്.

(A) 3 വർഷം
(B) 2 വർഷം
(C) 1 വർഷം
(D) 5 വർഷം

78. ഒരു വാഹനം കെട്ടിവലിക്കുമ്പോഴുള്ള പരമാവധി വേഗത _____ കവിയാൻ പാടില്ല.

(A) മണിക്കൂറിൽ 30 കി.മീ
(B) മണിക്കൂറിൽ 25 കി.മീ
(C) മണിക്കൂറിൽ 35 കി.മീ
(D) മണിക്കൂറിൽ 15 കി.മീ

79. താഴെ കൊടുത്തതിൽ നിന്നും ഒരു ഡ്രൈവർക്ക് വേണ്ട ഏറ്റവും അനുയോജ്യമായ കടമ തിരഞ്ഞെടുത്ത് എഴുതുക.

(A) വാഹനത്തിൽ ഉച്ചത്തിലുള്ള സംഗീതം വെക്കുന്നില്ലെന്ന് ഉറപ്പാക്കുക.

(B) പന്ത്രണ്ട് വയസ്സുവരെയുള്ള ഒരു കുട്ടി,നൽകിയിട്ടുള്ളയിടത്തെല്ലാം, ഉചിതമായ കുട്ടികൾക്കുള്ള സുരക്ഷാ സംവിധാനത്തിൽ ഇരിക്കുന്നുണ്ടെന്ന് ഡ്രൈവർ ഉറപ്പാക്കേണ്ടതാണ്.

(C) എല്ലായ്പ്പോഴും വേണ്ടത്ര ശ്രദ്ധയോടും ജാഗ്രതയോടും കൂടി വാഹനം ഓടിക്കേണ്ടതാണ്.

(D) മേൽപ്പറഞ്ഞവയെല്ലാം ശരിയാണ്.

Visit KPSCHub.in
More QPs & Answer Keys

A

80. ഒരു വാഹനത്തെ മറികടക്കാൻ പാടില്ലാത്ത സാഹചര്യം

(A) റോഡിലെ സീബ്രാക്രോസ്സിംഗുകൾ.

(B) വലത്തോട്ട് സിഗ്നൽ നൽകി നിൽക്കുന്ന ഒരു വാഹനത്തിന്റെ ഇടതു വശം ചേർന്ന് മറികടക്കാം.

(C) ഒരു നിശ്ചലമായ വാഹനത്തിന്റെ ഇടതു വശം ചേർന്ന് മറികടക്കാം.

(D) ഒരു ബഹുപാത റോഡിൽ ഓടിക്കുകയാണെങ്കിൽ മറികടക്കപ്പെടുന്ന വാഹനത്തിന്റെ ഇടതുവശത്തുള്ള അടയാളപ്പെടുത്തിയ പാതയിൽ മുന്നിലുള്ള വാഹനത്തെ മറികടക്കാം.

81. ഒരു എമർജൻസി വാഹനത്തിന് താഴെ പറയുന്നതിൽ ഏതെല്ലാം കാര്യങ്ങൾ ചെയ്യാം.

(i) ചുവന്ന ട്രാഫിക് സിഗ്നൽ കടന്ന് പോകാം

(ii) വേഗത പരിധി മറികടക്കാം

(iii) "നോ എൻട്രി" അല്ലെങ്കിൽ 'വൺ വേ' അനുസരിക്കാതിരിക്കാൻ കഴിയും.

(iv) റോഡിന്റെ ഷോൾഡറിലൂടെ വാഹനം കടന്ന് പോകാം

Options:

(A) (iii) മാത്രമാണ് ശരി

(B) (i) ഉം, (ii) ഉം, (iii) -ഉം മാത്രമാണ് ശരി

(C) നാലും ശരിയാണ്

(D) (ii) ഉം, (iii) -ഉം മാത്രമാണ് ശരി

82. ഇടത് വശത്ത് കൂടി നിങ്ങൾക്ക് ഒരു വാഹനത്തെ മറികടക്കാൻ കഴിയുന്ന സാഹചര്യം ഏത്?

(A) മുന്നിലുള്ള വാഹനത്തിന്റെ ഡ്രൈവർ വലത്തോട്ട് സിഗ്നൽ നൽകി റോഡിന്റെ മധ്യഭാഗത്തു നിന്ന് തിരിയാൻ തുടങ്ങുമ്പോൾ.

(B) ഓവർടേക്ക് ചെയ്യേണ്ട വാഹനം നിശ്ചലമാണ്,ഇടതുവശത്ത് കൂടി മറികടക്കുന്നത് സുരക്ഷിതമാണെങ്കിൽ.

(C) മൾട്ടി ലെയ്ൻ റോഡിൽ ഇടതുവശത്തെ പാതയിലൂടെ മുന്നിലുള്ള വാഹനത്തെ സുരക്ഷിതമായി മറികടക്കാൻ കഴിയുമെങ്കിൽ.

(D) മുകളിൽ പറഞ്ഞവ എല്ലാം ശരിയാണ്.

Visit KPSCHub.in
More QPs & Answer Keys

83. "ഒരു വാഹനത്തിൽ കയറുമ്പോഴോ ഇറങ്ങുമ്പോഴോ ഡ്രൈവർ _____ ഉറപ്പാക്കണം"

(i) സ്വന്തം സുരക്ഷ

(ii) മറ്റ് ജീവനക്കാരുടെ സുരക്ഷ

(iii) യാത്രക്കാരുടെ സുരക്ഷ

(iv) മറ്റ് റോഡ് ഉപയോക്താക്കളുടെ സുരക്ഷ

Options:

(A) (i) ഉം, (ii) ഉം മാത്രമാണ് ശരി.

(B) (ii) ഉം, (iii) ഉം, (iv) ഉം മാത്രമാണ് ശരി

(C) (i) ഉം, (ii) ഉം, (iii) ഉം മാത്രമാണ് ശരി

(D) നാലും ശരിയാണ്

84. MSM PSL തത്വമനുസരിച്ച്,ദിശ മാറ്റുന്നതിന് മുമ്പുള്ള പ്രവർത്തനങ്ങളുടെ ശരിയായ ക്രമം എന്താണ്?

(A) മിറർ, സിഗ്നൽ, പൊസിഷൻ, സ്പീഡ്, ലുക്ക്, മന്യൂവേർ

(B) മിറർ, സിഗ്നൽ, ലുക്ക്, പൊസിഷൻ, സ്പീഡ്

(C) ലുക്ക്, സിഗ്നൽ, പൊസിഷൻ, സ്പീഡ്, മിറർ, മന്യൂവേർ

(D) സിഗ്നൽ, പൊസിഷൻ, സ്പീഡ്, ലുക്ക്, മന്യൂവേർ

85. ഒരു ഇന്റർസെക്ഷനിൽ ഗതാഗതം സ്തംഭിച്ചിട്ടുണ്ടെങ്കിൽ വാഹനം എന്തുചെയ്യണം?

(A) ശ്രദ്ധാപൂർവ്വം ജംഗ്ഷനിലേക്ക് പ്രവേശിക്കുക

(B) മറ്റ് ഡ്രൈവർമാരെ അലേർട്ട് ചെയ്യുന്നതിനായി ഹോൺ മുഴക്കുക

(C) പ്രവേശിക്കുന്നതിന് മുമ്പ് ട്രാഫിക് ക്ലിയർ ആകുന്നത് വരെ കാത്തിരിക്കുക.

(D) കുറഞ്ഞ വേഗതയിൽ കവലയിലൂടെ ഡ്രൈവ് ചെയ്യുക

86. ചരക്ക് വാഹനങ്ങൾക്ക് (goods vehicles) 6-വരി, 4-വരി ദേശീയപാതകളിലെ വേഗതാപരിധി എത്ര?

(A) 95km/hr (B) 80km/hr

(C) 65km/hr (D) 60km/hr

87. 9 സീറ്റിൽ കൂടുതലുള്ള ലൈറ്റ്/മീഡിയം/ഹെവി യാത്രാവാഹനങ്ങൾക്ക് 6-വരി ദേശീയപാതയിലെ വേഗതാപരിധി?

(A) 90km/hr (B) 100km/hr

(C) 95km/hr (D) 110km/hr

Visit KPSCHub.in
More QPs & Answer Keys

A

88. അനുവദനീയമായതിൽ കൂടുതൽ യാത്രക്കാരെ വാഹനത്തിൽ കയറ്റിയാൽ (Over loading of passengers) മോട്ടോർവാഹന നിയമം 1988 ലെ ഏത് വകുപ്പ് പ്രകാരം ശിക്ഷിക്കും?

(A) 194A
(B) 194B
(C) 194C
(D) 194D

89. മോട്ടോർവാഹന നിയമം 1988 ലെ സെക്ഷൻ 134 പ്രകാരം അപകട വിവരം നൽകേണ്ട കടമ ആരുടേതാണ്?

(A) ഡ്രൈവറുടെ
(B) പോലീസിന്റെയും മോട്ടോർവാഹനവകുപ്പിന്റെയും
(C) അപകടം കണ്ടവരുടെ
(D) ആശുപത്രി അധികൃതരുടെ

90. ഒരു വാഹനത്തിന്റെ ഭാരം പരിശോധിക്കാൻ ഉദ്യോഗസ്ഥന് അധികാരം നൽകുന്ന മോട്ടോർവാഹന നിയമം 1988 ലെ സെക്ഷൻ ഏത്?

(A) സെക്ഷൻ 113
(B) സെക്ഷൻ 114
(C) സെക്ഷൻ 183
(D) സെക്ഷൻ 177

91. കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ ഏത് സെക്ഷൻ ആണ് 'ഗുഡ് സമരിറ്റൻ' സംരക്ഷണത്തെക്കുറിച്ച് പ്രതിപാദിക്കുന്നത് ?

(A) 134
(B) 134 A
(C) 133
(D) 131

92. അപകടത്തിൽ പെട്ട വ്യക്തിയെ ആശുപത്രിയിലെത്തിച്ച ഗുഡ് സമരിറ്റന്റെ-ഐഡന്റിറ്റി, അഡ്രസ് മുതലായവ?

(A) നിർബന്ധമായും വാങ്ങണം
(B) ഐഡന്റിറ്റി മാത്രം വാങ്ങണം
(C) വെളിപ്പെടുത്താൻ നിർബന്ധിക്കരുത്
(D) അഡ്രസ് വാങ്ങണം

93. കേന്ദ്ര മോട്ടോർ വാഹന ചട്ടം 194 ഉപചട്ടം (1A) എന്തിനെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്?

(A) എമർജൻസി വാഹനങ്ങളുടെ വഴിതടസ്സം
(B) അമിതഭാരം
(C) പാർക്കിങ്ങ് നിരോധനം
(D) ലോഡ് ബോഡിക്കു വെളിയിൽ തള്ളി നിൽക്കുന്നത്

Visit KPSCHub.in
More QPs & Answer Keys

94. പരിശോധന വേളയിൽ ലൈസൻസും വാഹന രേഖകളും ഹാജരാക്കണമെന്ന് ഏത് കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലാണ് നിഷ്കർഷിച്ചിട്ടുള്ളത്?

(A) 139 (B) 140

(C) 138 (D) 141

95. ഫോം 6-A പ്രകാരം ലഭിക്കുന്നത്?

(A) ലേണേഴ്സ് ലൈസൻസ്

(B) ഇന്റർനാഷണൽ ഡ്രൈവിംഗ് പെർമിറ്റ്

(C) ഡ്രൈവിംഗ് ലൈസൻസ്

(D) കണ്ടക്ടർ ലൈസൻസ്

96. ഇന്ത്യയിലെ മോട്ടോർ വാഹനങ്ങളുടെ പ്രോട്ടോടൈപ്പ് പരിശോധനയ്ക്കും ടൈപ്പ് അംഗീകാരത്തിനുമുള്ള ഏജൻസി ഏതാണ്?

(A) FSSAI (B) ARAI

(C) SITRA (D) KFR

97. മോട്ടോർ വാഹനം സാധാരണയായി ഒലിവ് ഗ്രീൻ നിറത്തിൽ പെയിന്റ് ചെയ്യാൻ പാടില്ല,താഴെ പറയുന്നവയിൽ പെട്ട വാഹനങ്ങൾ ഒഴികെ :

(A) പോലീസ് വാഹനം

(B) ഫയർ ഫോഴ്സ്(അഗ്നിരക്ഷാസേന)

(C) പ്രതിരോധ വകുപ്പ്(ഡിഫൻസ് ഡിപ്പാർട്ട്മെന്റ്)

(D) എക്സൈസ് വകുപ്പ്

98. എഞ്ചിനിൽ നിന്ന് പുറത്തു പോകുന്ന എക്സ്ഹോസ്റ്റ് വാതകത്തിന്റെ ശബ്ദം കുറയ്ക്കാൻ സഹായിക്കുന്ന വാഹനത്തിന്റെ ഭാഗം ഏതാണ്?

(A) ഡിഫറൻഷ്യൽ യൂണിറ്റ് (Differential Unit)

(B) ഇൻലെറ്റ് മാനിഫോൾഡ് (Inlet Manifold)

(C) സൈലൻസർ (silencer)

(D) എയർ ക്ലീനർ (Air Cleaner)

Visit KPSCHub.in
More QPs & Answer Keys

99. അപകടകരമായ വസ്തുക്കൾ കൊണ്ടുപോകുന്ന എല്ലാ ചരക്ക് വാഹനങ്ങളിലും (Hazardous goods carriages) _____ ഘടിപ്പിച്ചിരിക്കണം.

(A) മൾട്ടിടോൺ എയർഹോൺ (Multi tone air horn)

(B) സ്പാർക്ക് അറസ്റ്റർ (Spark Arrester)

(C) ടിക്കറ്റ് മെഷീൻ (Ticket Machine)

(D) ഫിഷ് നെറ്റ് (Fish Net)

100. മുൻഭാഗത്തുണ്ടാകുന്ന ഇടികളിൽ (front impact) ഡ്രൈവറുടെ നെഞ്ചിൽ തട്ടുന്ന ആഘാതം കുറയ്ക്കാൻ_____ സഹായിക്കുന്നു.

(A) കൊളാപ്സിബിൾ സ്റ്റിയറിംഗ് കോളം (Collapsible steering column)

(B) പുൾ ആൻഡ് പുഷ് റോഡ് (Pull and push road)

(C) ഡ്രോപ്പ് ആം (Drop arm)

(D) ഡിസ്ക് ബ്രേക്ക് (Disc brake)

_____

Visit KPSCHub.in
More QPs & Answer Keys

SPACE FOR ROUGH WORK

Visit KPSCHub.in
More QPs & Answer Keys

SPACE FOR ROUGH WORK

Visit KPSCHub.in
More QPs & Answer Keys